ജി എസ് എം വി എച്ച് എസ് തത്തമംഗലം




# സ്പേസ്



# Index


- ആശംസ
- എഡിറ്റോറിയൽ
- സ്കൂൾ വികസനം
- ബഷീർ അനുസ്മരണം
- സ്കൂളിലെ ക്ലബ്ബുകൾ
- eco ക്ലബ്ബ്
- ജൈവവൈവിധ്യ ഉദ്യാനം
- ലിറ്റിൽ കൈറ്റ്സ്
- self defence camp
- A T L lab
- സർഗ സൃഷ്ടി

# ആമുഖം

തത്തമംഗലം ഗവ. എസ്.എം.വി.എച്ച്.എസ്.എസ് 12 ാം വർഷത്തെ പ്രവർത്തന പാമ്പര്യവുമായി തത്തമംഗലത്തിൻെറ സാംസ്ക്കാരിക ശിലയായി നിലക്കൊള്ളുന്ന വിദ്യാലയമാണ് ഈ സവിശേഷതയെ മുൻനിർത്തിതന്നെ പൊതുവിദ്യാലയ സംരക്ഷണയജ്ഞമെന്ന കേരള സർക്കാറിൻെറ പദ്ധതിയെക്കൂടി സാക്ഷിയാക്കി വിദ്യാദ്യാസ അവകാശനിയമത്തിൻെറ സമ്പൂർണ്ണ ലക്ഷ്യത്തിലേക്ക് തയ്യാറെടുക്കുമ്പോൾ അത് തത്തമംഗലത്തിൻെറ സാംസ്കാരിക ചരിത്രത്തിൽ ഒരു പൊൻതൂവലായിത്തീരുമെന്ന് സംശയമില്ലാതെ പറയാം ഒരു വിദ്യാർത്ഥിയുടെ മാനസികവും ശാരീരികവും സാംസ്കാരികവുമായ വികസത്തെ മുൻനിർത്തിയുള്ള പ്രവർത്തനങ്ങൾക്ക് മുൻതൂക്കം കൊടുത്ത് കാലാനുസാരിയും സാംസ്കാരിക പൈതൃകത്തിൻെറ അറ്റുപോവാത്ത കണ്ണിയുമായി ഒരുതലമുറയെവാർത്തെടുക്കുന്നഈയജ്ഞത്തിലേക്ക്ചുവടു വെയ്ക്കുകയാണ്.



# പ്രധാന അധ്യാപികയുടെ ആശംസ

## പ്രിയ വിദ്യാർത്ഥികളെ....

"വരുന്ന കാലം ശാസ്ത്രത്തിൻെറയും ശാസ്ത്രപ്രേമികളുടേതുമാണ്"-എന്ന മഹത്ത് വചനമാണ് ഡിജിറ്റൽ മാഗസിൻ പ്രസിദ്ധീകരണത്തിനൊരുങ്ങുമ്പോൾ ഞാൻ ഓർമ്മിക്കുന്നത്. ശാസ്ത്രസാങ്കേതിക വിദ്യയുടെ പിൻബലത്തിൽ ആശയസംവാദം നടത്തുമ്പോൾ, കലാവാസനകളെ പരിപോഷിപ്പിക്കുമ്പോൾ യഥാർത്ഥത്തിൽ നിങ്ങൾ രാഷ്ട്രശിൽപികളുടെ സ്വപ്നത്തിന് സാക്ഷാത്കാരം നൽകുകയാണ്.

നമ്മുടെ രാഷ്ട്രം പുരോഗതിയുടെ പാതയിലാണ്. അതിൻെറ ഭാഗമായി, കഴിയുന്ന മേഖലകളെല്ലാം ഡിജിറ്റൽ വൽക്കരിക്കുക എന്നത് നമ്മുടെ ലക്ഷ്യമാണ്. ഇന്ന് ഇവിടെ നിങ്ങൾ ഒരു ഡിജിറ്റൽ മാഗസിൻ പുറത്തിറക്കുമ്പോൾ വലിയ ലക്ഷ്യത്തിലേക്ക് നമ്മുടെ വിദ്യാലയവും എളിയരീതിയിൽ സംഭാവന ചെയ്തിരിക്കുന്നു. അതിൽ നിങ്ങളുടെ പ്രധാനാധ്യാപിക എന്ന നിലയിൽ എനിക്ക് അഭിമാനമുണ്ട്. ഈ സർഗ്ഗസൃഷ്ടിയുടെ പിന്നിൽ പ്രവർത്തിച്ച എല്ലാവരെയും ഒരായിരം വട്ടം അഭിനന്ദിച്ചു കൊണ്ട്.... നിർത്തട്ടെ...!


ഹെഡ്മിസ്ട്രസ്

## ***<u>എഡിറ്റോറിയൽ</u>***

**ആസ്വാദകരേ...**


**ഇതാ "*സ്പേസ്*" നിങ്ങൾക്കായി സമർപ്പിക്കുന്നു..**

**വായിക്കൂ...  ഇതിൽ നിങ്ങൾക്കും മറ്റുള്ളവർക്കുമുള്ള "ഇടം" കണ്ടെത്തൂ...ഈ പുസ്തകത്തിന്റെ "സ്പേസ്" വായനക്കാർ തീരുമാനിക്കട്ടെ...**





# മുഖഛായ മാറുന്ന വിദ്യാലയം





ആദ്യകാലത്ത് എൽ പി യും യുപിയും മാത്രമേ ഉണ്ടായിരുന്നുള്ളൂ. അതേ പോലെ അടിസ്ഥാന സൗകര്യവും കുറവായിരുന്നു.പിന്നീടുള്ള കാലത്ത് എൽ പി മാറി യുപി മുതൽ ഹൈസ്കൂൾ വി.എച്ച്.എസ്.ഇ എച്ച്.എസ് എന്നി മേഖലകൾ ഉണ്ടാകുകയും ക്ലാസുമുറികളിൽ പ്രേജറ്റർ വരുകയും വിദ്യർതികൾക്ക് എളുപ്പത്തിൽ പഠിക്കുവാൻ സഹായിക്കുകയും ക്ലാസുമുറികളിൽ ഫാൻ വരുകയും ചെയ്തു. ഈ പുതിയ വർഷത്തിൽ ഞങ്ങളുടെ വിദ്യാലയത്തിൽ ജൈവവൈവിധ്യഉദ്യാനം തുടങ്ങുകയും ചെയ്തു







**<u>വൈക്കം മുഹമ്മദ് ബഷീർ</u>**

വൈക്കം മുഹമ്മദ് ബഷീർ മലയാള നോവലിസ്റ്റും കഥാകൃത്തും സ്വാതന്ത്ര്യ സമര പോരാളിയുമായിരുന്നു. "ബേപ്പൂർ സുൽത്താൻ"എന്ന അപരനാമത്തിലും അറിയപ്പെടുന്ന ബഷീർ 1908 ജനുവരി21 ന് വൈക്കത്തിലെതലയോലപ്പറമ്പിൽ ജനിച്ചു.

സാമാന്യം മലയാള ഭാഷ അറിയാവുന്ന ആർക്കും ബഷീർസാഹിത്യം വഴങ്ങും.വളരെക്കുറച്ച് മാത്രം എഴുതിയിട്ടും“ബഷീറിയനിസം” അല്ലെങ്കിൽ ബഷീർ സാഹിത്യംഎന്നത് മലയാളത്തിലെ ഒരു സാഹിത്യ ശാഖയായി മാറിയത് അദ്ദേഹത്തിന്റെ ജീവിതാനുഭവങ്ങളുടെ കരുത്ത് കൊണ്ടായിരുന്നു.

ഹാസ്യം കൊണ്ട് അദ്ദേഹം വായനക്കാരെ ചിരിപ്പിച്ചു ;കൂടെ തന്നെ കരയിപ്പിക്കുകയും ചെയ്തു. സമൂഹത്തിന്റെ അടിത്തട്ടിൽ ജീവിക്കുന്ന മനുഷ്യരുടെ, കഥകൾ അദ്ദേഹം പറഞ്ഞപ്പോൾ അത് ജീവസ്സുറ്റതായി, കാലാതിവർത്തിയായി . ജയിൽപ്പുള്ളികളും , ഭിക്ഷക്കാരുംവേശ്യകളുംപട്ടിണിക്കാരുംസ്വവർഗാനുരാഗികളും , നിറഞ്ഞ ഒരു ഫാന്റസിയായിരുന്നു ബഷീറിന്റെ ലോകം

ഇത്തരം കഥാപാത്രങ്ങളുടെ ചിന്തകൾക്കോ , വികാരങ്ങൾക്കോ , അതുവരെയുള്ള സാഹിത്യത്തിൽ സ്ഥാനമുണ്ടായിരുന്നില്ല. സമൂഹത്തിന് നേരെയുള്ള വിമർശനങ്ങൾ നിറഞ്ഞ ചോദ്യങ്ങൾ അദ്ദേഹം , ഹാസ്യത്തിൽ പൊതിഞ്ഞ് വെച്ചു .

സമൂഹത്തിൽ ഉന്നതനിലവാരം പുലർത്തുന്നവർ മാത്രം നായകന്മാരാവുക , മുസ്ലിം കഥാപാത്രങ്ങളെ പ്രതിനായകന്മാരായി ചിത്രീകരിക്കുക , തുടങ്ങിയ പ്രവണതകളിൽ നിന്നും നോവലുകൾക്ക് മോചനം നൽകിയത് ബഷീറാണ്. തീക്ഷണമായ അനുഭവങ്ങളുടെ തീവ്രത അദ്ദേഹത്തിന്റെ കൃതികളെ അനശ്വരമാക്കി . മുസ്ലിം സമുദായത്തിൽ ഒരു കാലത്ത് നിലനിന്നിരുന്ന എല്ലാവിധ അനാചാരങ്ങൾക്ക് എതിരെയും വിമർശനാത്മകമായി അദ്ദേഹം തൂലിക ചലിപ്പിച്ചു .

ആധുനിക മലയാള സാഹിത്യത്തിൽ ഏറ്റവുമധികം വായിക്കപ്പെട്ട എഴുത്തുകാരിലൊരാൾ എന്ന് വിശേഷിപ്പിക്കപ്പെടുന്ന ജനകീയനായ എഴുത്തുകാരനായിരുന്നു ബഷീർ. 1982 ൽ രാജ്യം പത്മശ്രീ നല്കി അദ്ദേഹത്തെ ആദരിച്ചു.1994 ജൂലൈ 5 ന് കോഴിക്കോട്ടിലെ ബേപ്പൂരിൽ വെച്ച് ആ മഹാപ്രതിഭ മരണമടഞ്ഞു.

# അറിവിന്റെ വികസനത്തിനായി ക്ലബ്ബുകൾ

. Eco club - വിദ്യാലയത്തെ പ്ലാസ്റ്റിക്ക് വിമുക്തമാക്കുകയും ഹരിതസേനയിലേക്ക് നയിക്കുകയും ചെയ്യു ക്ലബ്ബ്

. Health club - വിദ്യാർത്തികൾക്ക് ആരോഗ്യത്തെക്കുറിച്ച് കൂടുതൽ അറിവുകൾ നൽകുന്ന ക്ലബ്ബ്

. I. T club - ആധുനിക കാലത്ത് സാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്തി മുന്നേറാൻ പ്രോൽസാഗിപ്പിക്കുന്ന ക്ലബ്ബ്

. Social club - പുരാധന കാലത്തെക്കുറിച്ചും ചരിത്രത്തെക്കുറിച്ചും അറിവ് പകർന്നു തരുന്ന ക്ലബ്ബ്

. Science club - ശാസ്ത്രീയമായി അറിവുകളും പരീക്ഷണങ്ങളും സർക്യൂട്ടുകളും ഉണ്ടാക്കുന്നതിനും സഹായിക്കുന്ന ക്ലബ്ബ്

- **G. K club** - പൊതുവിദ്യാഭ്യാസ പുരോഗതിക്കു വേണ്ടിയുള്ള ക്ലബ്ബ്

- **Maths club** - പല കണക്കുകളും എളുപ്പം പഠിക്കുന്നതിനുള്ള ക്ലബ്ബ്

- **വിദ്യാരംഗം ക്ലബ്ബ്**- മലയാള ഭാഷയെ അടുത്തറിയാൻ വേണ്ടിയുള്ള ക്ലബ്ബ്

- **Language club** - ഭാഷകൾ കൂടുതൽ അറിയുന്നതിനുള്ള ക്ലബ്ബ്

- **S. P. C club** - വിദ്യാലയത്തിന്റെ സുരക്ഷക്കു വേണ്ടിയുള്ള ക്ലബ്ബ്

- **J. R. C club** - പൊതു സേവനത്തിനായുള്ള ക്ലബ്ബ്

- **Little kites** - ആധുനിക സാങ്കേതിക വിദ്യകളെക്കുറിച്ച് കൂടുതൽ അറിവു നൽകുന്നതിനുള്ള ക്ലബ്ബ്

# പരിസ്ഥിതി കാത്തു സൂക്ഷിക്കാനായ്
# ക്ലബ്ബും

ജി.എസ്.എം. വി.എച്ച്.എസ്.എസ് തത്തമംഗലം: പ്ലാസ്റ്റിക് നിരോദനത്തേയും ജൈവവൈവിധ്യമേഖലയുടെ പുരോഗതിയ്ക്കുവേണ്ടി പ്രവർത്തിച്ചു. ജൈവവൈവിധ്യ മേഘലയുടെ ഉദ്ഘാടനം ചിറ്റൂർ-നഗരസഭാ ചെർമാനും കോൺഗ്രസ്സ് പ്രവർത്തകനുമായ ശ്രീ. മധു അവർക്കൾ നിർവഹിച്ചു. പ്ലാസ്റ്റിക് നിരോദനത്തിൽ ഒന്നാമതായി ചിറ്റൂർ-നഗരസഭയെ തിരഞ്ഞെടുത്തുടുക്കയും ചെയ്യ്തു. അതിലൊരു വിദ്യാലയമാണ് ജി.എസ്.എം. വി.എച്ച്.എസ്.എസ് തത്തമംഗലം. പരിസ്ഥിതി ക്ലബ്ബും ഇതിൽ പ്രവർത്തിച്ചു.

ഇതിനോട് അനുബന്ധിച്ച് പ്ലാസ്റ്റിക്കിൻെറ ഉപയോഗം കുറഞ്ഞു.

''ഓരോ തുള്ളി വെള്ളവും പരിസ്ഥിതിക്കായ്''

## സ്കൂളിനെ ഹരിതാഭമാക്കി ജൈവവൈവിധ്യഉദ്യാനം

സ്കൂളിനെ ഹരിതാഭമാക്കാനായി എക്കോക്ലബ് ഭാരവാഹികളും അധ്യാപകരും ചേർന്ന് ജൈവവൈവിധ്യഉദ്യാനം നിർമിച്ചു.ചിറ്റൂർ തത്തമംഗലം നഗരസഭ ചെയർമാൻ ശ്രീ.കെ.മധു അവർകൾ ചെടികൾ നട്ട് ഉദ്യാനം ഉദ്ഘാടനം ചെയ്തു.ഇതിനോടൊപ്പം സ്കൂളിലെ ഉച്ചഭക്ഷണത്തിനായി വിഷരഹിതമായ ജൈവപച്ചക്കറിത്തോട്ടവും നിർമിച്ചിട്ടുണ്ട്.ഭൂമിയെ പച്ചപ്പ് നിറച്ച് നിലനിർത്താനും ഭൂമിയെ സംരക്ഷിക്കാനുമുള്ള തയ്യാറെടുപ്പിലാണ് നമ്മുടെ സ്കൂൾ വിദ്യാർഥികൾ.

പ്രകൃതിയുടെ വരദാനമായ മരങ്ങളും സസ്യങ്ങളും നട്ടുവളർത്തി ഭൂമിക്ക് തണലേകുക എന്ന ഞങ്ങളുടെ ലക്ഷ്യത്തെ കെ . മധു അഭിനന്ദിച്ചു.

എല്ലാ വിദ്യാർഥികളും വളരെ ഉന്മേഷത്തോടെയാണ് ഉദ്യാനത്തെ പരിപാലിക്കുന്നത്.

സുരക്ഷിതമായ നാളെയ്ക്കായി
ഞങ്ങൾ വിദ്യാർഥികൾ
പോരാട്ടം.......

# ലിറ്റിൽ കൈറ്റ്സ്

## ''ഹൈടെക്ക് വിദ്യാലയത്തിലെ (ഐ. ടി) കുട്ടിക്കൂട്ടം''

പുതിയ തലമുറക്കായി ഗവൺമെന്റ് വിദ്യാഥികൾക്കായി ഐ.ട്ടി മേഖലയിലെ പുതിയ തലങ്ങൾ ദർശിക്കാനായി സർക്കാർ നടപ്പിലാക്കിയ ഒരു പദ്ധതിയാണ് ലിറ്റിൽ കൈറ്റ്സ്.60 കുട്ടികൾ പരീക്ഷയെഴുതി അതിൽ 40 കുട്ടികളെ തിരഞ്ഞെടുത്തു. ഈ മേഖലയിലെ വിദ്യാർഥികൾ ഒരുപാട് ക്യാമ്പുകളിൽ പങ്കെടുക്കാൻ അർഹതരായിട്ടുണ്ട്. 2018 ൽ തുങ്ങിയ പ്രവർത്തനമാണ് ലിറ്റിൽ കൈറ്റ്സ്. വിദ്യാർഥികൾ എല്ലാവരും വളരെ താൽപര്യത്തോടെയാണ് ഈ പ്രവർത്തനം ചെയ്യുന്നത് .ലിറ്റിൽ കൈറ്റ്സിലെ ആദ്യത്തെ ക്യാമ്പിൽ 8 കുട്ടികളാണ്ബോയ്സ് സ്കൂളിൽ വെച്ച് പങ്കെടുത്തിരുന്നത്. അതിലൂടെ കുട്ടികൾക്ക് അനിമേഷൻ ചെയ്യാനും പ്രോഗ്രാമിങ് ചെയ്യാനും 40 വിദ്യാർത്ഥികളെയും പടിപ്പിച്ചു . ലിറ്റിൽ കൈറ്റസിന്റെ 2-ാം ക്യാമ്പ് ക്രിസ്തുമസ് അവധിക്കാലത്താണ് നടന്നത്. അതിൽ 4 വിദ്യാർഥത്തികളാണ് പങ്കെടുത്തത് .ക്യമ്പിൽ പരിശീലിപ്പിച്ചത് ക്യാമറ ട്രയിനിങാണ്. പ്രശസ്ത് അദ്ധ്യാപകരാണ് ഈ ക്യാമ്പുകളിൽ പരിശീലിപ്പിച്ചത്.

# വിദ്യാലയത്തിലെ കരുത്തുള്ള

## പെൺപ്പട....

വൊക്കേഷണൽ ഹയർസെക്കന്ററി സ്ക്കൂളിലെ എല്ലാ പെൺ കുട്ടികൾക്കായി കേരള പോലീസും എസ്.പി.സിയും ഒരുമിച്ച് ഒരുക്കിയ സെൽഫ് ഡിഫൻസ് ക്ലാസ് വിജയകരമായി പൂർത്തീകരിച്ചു.പെൺക്കുട്ടിൾ സമൂഹത്തിൽ നേരിടുന്ന പ്രശ്നങ്ങൾക്ക് ഒരു വലിയ പരിഹാരം തന്നെയായിരുന്നു ഈ ക്ലാസ്.ഈ ക്ലാസ് നടന്നിരുന്നത് ഏഴ് ദിവസങ്ങളിലായിട്ടാണ്. വിദ്യാർത്തികൾക്ക് ധൈര്യവും ആത്മവിശ്വാസവും നൽകുകയായിരുന്നു ഇതിന്റെ പ്രധാന ലക്ഷ്യം.നാലു വനിത പോലീസുദ്യോകസ്ഥരായിരുന്നു ഈ അറിവ് കുട്ടികളിൽ പകർന്നു കൊടുത്തത്.ഈ അറിവ് കുട്ടികൾ നന്നായി തന്നെ മനസ്സിലാക്കി. പെൺകുട്ടികൾക്ക് സമൂഹത്തിൽ ഇറങ്ങി നടക്കാൻ പ്രചോദനമായിരുന്നു ഈ ക്ലാസ്സ് .ചിറ്റൂർ തത്തമംഗലം സി .ഐ ആയിരുന്നു ഉദ്ഘാടനം ചെയ്തത്.

# റോബോട്ടിക്സിന്റെ മടിശീലയിലേക്ക് കുരുന്നുകൾ.......

ATAL TINKERING LAB എന്ന ATL ലാബ് കുരുന്നുകൾക്കായി തുറക്കുന്ന ശാസ്ത്രലോകമാണ്. പരീക്ഷണങ്ങളിലൂടെ വിദ്യാർത്ഥികളുടെ അറിവ് വികസിപ്പിക്കണം എന്ന ചിന്തയോടുകൂടിയാണ് ഈ ലാബ് ആരംഭിക്കുന്നത്. കേരളത്തിലെ വളരെ കുറച്ച് സ്കൂളുകൾക്കു മാത്രം ലഭിച്ച ഈ സൗഭാഗ്യം ,തത്തമംഗലത്തിലെ ജി .എസ് .എം .വി. എച്ച് .എസ് .എസ് എന്ന ഞങ്ങളുടെ സ്കൂളിനും ലഭിക്കുക ഉണ്ടായി. സർക്കാരിന്റെ സഹായത്തോടുകൂടിയാണ് ഈ ലാബിന്റെ പണികൾ പൂർത്തീകരിച്ചത്. പിന്നീട് ചിറ്റൂർ - തത്തമംഗലം നഗരസഭ ചെയർമാൻ ശ്രീ കെ. മധു ഉദ്ഘാടനം നിർവ്വഹിച്ചു. ഉദ്ഘാടന ദിവസം മറ്റു കുട്ടികളോടും ATL ലാബിന്റെ ഇന്ദ്രജാലം പങ്കുവച്ചു.പൂർണ വിജയത്തോടെ ഇപ്പോഴും ലാബിന്റെ പ്രവർത്തനം തുടരുന്നു.....

# സർഗസൃഷ്ടി




## ഞാൻ പ്രകൃതി


നിങ്ങൾ എന്നെ നോവിച്ചോളൂ,
എന്നെ ഇല്ലാതാക്കിക്കോളൂ...
എന്റെ രക്തം ഒഴുക്കിക്കളഞ്ഞോളൂ,
എന്റെ കല്ലറയ്ക്കു മുകളിൽ വീട് വച്ചോളൂ...

ഞാൻ നിങ്ങൾക്ക് വെള്ളം തരും;
ഞാൻ നിങ്ങൾക്ക് ഭക്ഷണം തരും...
ഞാൻ നിങ്ങൾക്ക് ജീവൻ തരും;
തണലും ശ്വാസവും തരും...

നിങ്ങൾ എന്നെ ഇഞ്ചിഞ്ചായി ,
കൊന്നോളൂ ; പക്ഷേ കണ്ണടയും വരെ,
ശ്വാസം നിലയ്ക്കും വരെ ഞാൻ നിങ്ങൾക്ക്
സർവ്വവും നൽകും..കാരണം ഞാൻ
അമ്മയാണല്ലോ.....

- അലീന അഷ്റഫ്

10.A



## മരണം

മരണം ആസന്നമായെന്നൊരു
തോന്നൽ,അത് ...
മരണത്തെക്കുറിച്ചെഴുതാൻ
എന്നോട് പറയുന്നു...!


മരണം നിശബ്ദമാണ് ;
പക്ഷേ, മരണത്തിന് ശബ്ദമുണ്ട്...
മരണം അപ്രത്യക്ഷമാണ് ;
പക്ഷേ മരണത്തിന് നിഴലുണ്ട്...

മരണം തോൽവിയാണ് ;
അവിടെ ആർക്കും ജയിക്കാനാവില്ല...
മരണം ജയമാണ് ;
അവിടെ ആർക്കും തോൽക്കാനാവില്ല...

ഹാ ! മരണമേ നീ-
പുഞ്ചിരിച്ച് കടന്ന് വരൂ...
ഒരു ജന്മദിനത്തെയെന്ന പോൽ
നിന്നെയും ഞാൻ
ആഘോഷിക്കുക തന്നെ ചെയ്യും...!

-അലിന അഷ്റഫ്



നന്ദി............